# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1488 — 22/03/2013-ൽ മറുപടിക്ക്

### കിസാൻ അഭിമാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് മുൻ സർക്കാർ നൽകി വന്നിരുന്ന കിസാൻ അഭിമാൻ പദ്ധതി പ്ര കാരമുള്ള പെൻഷൻ ഇപ്പോഴും നൽകി വരുന്നുണ്ടോ; | (എ) മുൻ സർക്കാർ നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കായി നടപ്പിലാക്കി വന്നിരുന്ന കിസാൻ അഭിമാൻ പദ്ധതി അംഗങ്ങളെയും പുതിയ പെൻഷൻ പദ്ധതിയായ ചെറുകിട നാമമാത്ര കർഷകപെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഇപ്പോഴും പെൻഷൻ നൽകി വരുകയും ചെയ്യുന്നു. |
| (ബി) ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷനുമായി ഈ പദ്ധതിയെ സംയോജിപ്പിച്ചതിലൂടെ ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം മുടങ്ങുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? എങ്കിൽ ഇതുമായി ബന്ധപ്പെട്ട് തിരുത്തൽ നടപടികൾ സ്വീകരിക്കുമോ; | (ബി) ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ കിസാൻ അഭിമാൻ പദ്ധതി സംയോജിപ്പിച്ചതുമൂലം പെൻഷൻ മുടങ്ങിയിട്ടില്ല. എന്നാൽ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട് സാങ്കേതിക പ്രശ്നങ്ങൾ മൂലം ചിലർക്ക് പെൻഷൻ ലഭിക്കാത്തത് പരിഹരിച്ച് മുടങ്ങിയ പെൻഷൻ തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (സി) നെൽകർഷകരുൾപ്പെടെയുള്ളവർക്ക് നൽകേണ്ട പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) കുടിശ്ശികയില്ല. |
| (ഡി) കുടിശ്ശിക പെൻഷൻ വിതരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ? | (ഡി) 2012 മെയ് മാസം മുതൽ കുടിശ്ശികയുണ്ടായിരുന്ന പെൻഷൻ നൽകുന്നതിനായി 91,08 കോടി രൂപ അധികധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. 2013 മാർച്ച് മാസം വരെ കർഷകർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ തുക അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക ട്രഷറി മുഖേന മാറി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇ-പെയ്മെന്റ് മുഖേന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ